# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പട്ടിത്തറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് .എ .പി.കെ.ഡി പി-20/1763/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 04/11/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടിത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ് .എ .പി.കെ.ഡി പി-20/1763/25 തീയ്യതി: 04/11/2025

# പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-12-2024 മുതൽ 12-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി | ഡെപ്യൂട്ടി ഡയറക്ടർ | 13-10-2025 | 22-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-10-2025 | 22-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത.കെ.വി -ഓഡിറ്റ് ഓഫീസർ

രാജൻ .കെ.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ

ഷീജ.വി. ആർ - സീനിയർ ഗ്രേഡ് ഓഡിറ്റർ

രാജേശ്വരി.സി -സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ബാലൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. താജു.പി.എ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സൌമ്യ ചന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 18-10-2024 |
| ശ്രീമതി.രമ്യ.ജി.ദാസ് | അസിസ്റ്റന്റ് സെക്രട്ടറി | 19-10-2024 | 31-03-2025 |
| ശ്രീമതി അശ്വതി സി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു സി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 16-07-2024 |
| ശ്രീമതി.ഷീന വി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-07-2024 | 31-03-2025 |
| ഡോ.ഷെബീന .കെ.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.അനിൽ.പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ.സുനീർ.സി.എം | മെഡിക്കൽ ഓഫീസർ(FHC ) | 01-04-2024 | 29-08-2024 |
| ഡോ.ഹംസ | മെഡിക്കൽ ഓഫീസർ(FHC ) | 30-08-2024 | 31-03-2025 |
| ഡോ.വിനീത് കെ ആർ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു.കെ കെ | അസിസ്റ്റന്റ്.എഞ്ചിനീയർ | 01-04-2024 | 13-09-2024 |
| ശ്രീമതി.അനുമോൾ ഫ്രാൻസിസ്.കെ | അസിസ്റ്റന്റ്.എഞ്ചിനീയർ | 14-09-2024 | 31-03-2025 |
| ശ്രീമതി പ്രീത കെ ടി | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ആതിര എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 10-05-2024 |
| ശ്രീമതി.പ്രിയ പി ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 11-05-2024 | 27-12-2024 |
| ശ്രീമതി.ദിവ്യ വൽസൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-12-2024 | 31-03-2025 |
| ശ്രീമതി പ്രമീള ഒ | വി.ഇ.ഒ | 01-04-2024 | 08-08-2024 |
| ശ്രീമതി.ഷബ്ന ടി ടി | വി.ഇ.ഒ | 09-08-2024 | 06-10-2024 |
| ശ്രീമതി പ്രമീള ഒ | വി.ഇ.ഒ | 07-10-2024 | 17-11-2024 |
| ശ്രീ.ജിഷ്ണു.എസ് | വി.ഇ.ഒ | 18-11-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി വിവരങ്ങൾ കാലികമല്ല | 1-1-2 |
| 4 | മുൻകൂർ രജിസ്റ്റർ പൂർണ്ണമല്ല | 1-1-3 |
| 5 | വാടക രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | രസീതി ബുക്കുകൾ, ഫ്രണ്ട് ഓഫീസ് ചുമതല എന്നിവ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 1-11 |
| 16 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 1-12-1 |
| 17 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 18 | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-3 |
| 19 | താത്ക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-4 |
| 20 | തൊഴിൽ നികുതി വരവ് പരിശോധന-അപാകതകൾ | 1-12 |
| 21 | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ -വസ്തുനികുതി നിർണയിച്ചിട്ടില്ല | 1-13 |
| 22 | കെ-സ്മാർട്ട് സോഫ്റ്റ്വെയർ മുഖേനയുള്ള പണമിടപാടുകളുടെ പരിശോധന | 1-14 |
| 23 | സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് സൂക്ഷിച്ചിട്ടില്ല | 1-15-1 |
| 24 | റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല | 1-15-2 |
| 25 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-15-3 |
| 26 | ലൈസൻസ് പരിശോധന - ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-15 |
| 27 | വാടക വരവ് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-16 |
| 28 | തുല്യത പഠന സഹായം-രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 29 | 78832/- രൂപയുടെ ബിൽ പരിശോധനയ്ക്ക് ലഭ്യമായില്ല | 1-18-1 |
| 30 | ഒരു ഇൻവോയ്സ് പ്രകാരം രണ്ടു തവണ തുക അനുവദിച്ചു | 1-18 |
| 31 | ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താവിന് അധികമായി തുക | 1-19 |

| | | |
|---|---|---|
| | അനുവദിച്ചു | |
| 32 | മരുന്നു് വാങ്ങൽ - അധികം തുക നൽകി | 1-20 |
| 33 | ക്വട്ടേഷൻ /ടെൻഡർ കൂടാതെ ഹോസ്പിറ്റൽ ആവശ്യത്തിന് സാധനങ്ങൾ വാങ്ങി | 1-21 |
| 34 | കുടിവെള്ള ടാങ്ക് വിതരണ പദ്ധതി - അപാകതകൾ | 1-22 |
| 35 | ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ പദ്ധതി - നടപടിക്രമം പാലിച്ചിട്ടില്ല | 1-23 |
| 36 | തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-24 |
| 37 | മുൻകൂർ തുക നല്കിയിട്ടും സിസിടിവി സ്ഥാപിച്ചിട്ടില്ല | 1-25 |
| 38 | ആർട്ട്കോ മുഖേന നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-26 |
| 39 | ടെൻണ്ടർ ഫീ - തനത് ഫണ്ടിൽ ഒടുക്കണം | 1-27 |
| 40 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം | 1-28 |
| 41 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഒരു ഇൻവോയ്സ് പ്രകാരം രണ്ടു തവണ തുക അനുവദിച്ചു | 3-1 |
| 2 | ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താവിന് അധികമായി തുക അനുവദിച്ചു | 3-2 |
| 3 | മരുന്നു് വാങ്ങൽ - അധികം തുക നൽകി | 3-3 |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പദ്ധതി | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപദ്ധതികൾ | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്ക് സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15053944/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18015556/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **പട്ടിത്തറ** ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025. തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.7.25 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.7.25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ

വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**</u>

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം: പാലക്കാട്,
തീയതി: 04-11-2025.

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-2 ആസ്തി വിവരങ്ങൾ കാലികമല്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-Fixed Assets, B-11(a) - Accumulated Depreciation, B-11(c)- Capital Expenses (Productive Sector), B-11(c)-Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-3 മുൻകൂർ രജിസ്റ്റർ പൂർണ്ണമല്ല

അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പ് വിശദാംശങ്ങളും അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങളും എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യുൾ B-18 പ്രകാരമുള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-4 വാടക രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല

വാടക രജിസ്റ്റർ - പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ വാടകവരവിന്റെ കൃത്യത ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 ബജറ്റ്

9.02.2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 07-02-2025 ലെ തീരുമാനം പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 607602 |
| തൻവർഷം വരവ് | 36,75,96,332 |
| ആകെ വരവ് | 36,82,03,934 |
| ചെലവ് | 36,30,13,934 |

| | |
|---|---|
| നീക്കിയിരിപ്പ് | 51,90,000 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 46959975 |
| വരവ് | 94124281 |
| ആകെ | 141084256 |
| ചെലവ് | 79070337 |
| നീക്കിയിരിപ്പ് | 62013919 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19482000 | 19482000 | 19358833 | 123167 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 15428000 | 15428000 | 15048537 | 379463 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 9203000 | 9203000 | 3659387 | 5543613 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 10044000 | 10044000 | 5827883 | 4216117 |
| CFC ഗ്രാന്റ് (Tied Bank) | 8175069 | 7764500 | 15939569 | 4408238 | 11531331 |
| CFC ഗ്രാന്റ് (Tied Try) | 0 | 1296935 | 1296935 | 91992 | 1204943 |
| CFC ഗ്രാന്റ് (Un Tied Bank) | 4030962 | 3832085 | 7863047 | 4057155 | 3805892 |
| CFC ഗ്രാന്റ് (Basic-Try) | 0 | 142132 | 142132 | 60000 | 82132 |

Note-

1. CFC- B4 & B-17 തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

CFC B-4 Balance – 15337223

B-17 Balance-17668138

2.

CFC–വാർഷികകണക്കിലേയും സുലേഖയിലേയും ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

| | AFS | Sulekha& Grant Statement |
|---|---|---|
| CFC-Basic ചെലവ് | 4117155 | 3960752 |
| CFC-Tied (Bank& Try) | 4500230 | 2522747 |

### കേന്ദ്രാവിഷ്കൃതം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്വച്ഛഭാരത് മിഷൻ TSC | 993986 | 0 | 993986 | 382487 * | 611499 |
| ഹെൽത്ത് ഗ്രാന്റ്(Diagnostic Infrastructure) | 1049787 | 472086 | 1521873 | 700846 | 821027 |
| ഹെൽത്ത് ഗ്രാന്റ്(Wellness Centres) | 259144 | 702260 | 961404 | 207904 | 753500 |
| ICDS | 4598054 | 888423 | 5486477 | 1600000 | 3886477 |
| National Nutrition Mission | 0 | 1385986 | 1385986 | 0 | 1385986 |
| തൊഴിലുറപ്പു പദ്ധതി | 1120 | 30976089 | 30977209 | 30975000 | 2209 |

* I6 പ്രകാരം TSC ചെലവ് 273951 ആണ്. 108536 രൂപ വ്യത്യാസം

<u>പ്രത്യേക ഉദ്ദേശഗ്രാന്റ്</u>

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ആയുഷ്-ആയുർവേദം | 500000 | 0 | 500000 | 500000 | 0 |
| ലൈഫ് ഭവനം സംസ്ഥാന വിഹിതം | 3137670 | 23200000 | 26337670 | 20300047 | 6537670 |
| Literacy Scheme Grant | 47 | 0 | 47 | 0 | 47 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 326 | 290904896 | 170 | 105032007 | 156 | 52 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 12622273 | 7787709 | 62 |
| വെറ്ററിനറി സർജൻ | 6 | 5 | 951400 | 587205 | 62 |
| മെഡിക്കൽ ഓഫീസർ- CHC | 13 | 10 | 6622448 | 4757745 | 72 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 1150000 | 1150000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 5 | 4 | 300610 | 171149 | 57 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 17 | 10 | 181590000 | 52517950 | 29 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 8 | 1 | 4462700 | 545000 | 12 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 11 | 6970200 | 6759604 | 97 |
| സെക്രട്ടറി | 52 | 37 | 16276954 | 10335295 | 63 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 178 | 61 | 52082111 | 14214545 | 27 |
| ഹെഡ്മാസ്റ്റർ | 9 | 9 | 1831000 | 1685586 | 92 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000 | 400000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 9 | 5645200 | 4120219 | 73 |
| ആകെ | 326 | 170 | 290904896 | 105032007 | 36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1120 | 1939917 | 1941037 | 1938828 | 2209 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29036172 | 29036172 | 29036172 | 0 |
| ആകെ | 1120 | 30976089 | 30977209 | 30975000 | 2209 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1390400 | 80 |
| വിധവാ പെൻഷൻ | 20039600 | 1336 |
| വാർദ്ധക്യകാല | 45179400 | 3220 |

| | | |
|---|---|---|
| പെൻഷൻ | | |
| വികലാംഗ പെൻഷൻ | 5312300 | 346 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 2 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2019600 | 131 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-10-2025 തീയിതിയിൽ 3.05 PM സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4227/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്/ ഭൗതിക പരിശോധന**

നികുതി – നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി. സി. ബി. തയ്യാറാക്കിയിട്ടുണ്ട്. തൊഴിൽനികുതി ഡി.സി.ബി കൃത്യമല്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല. തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുകയുടെ വിവരം വായ്പ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ നിന്നും കണ്ടെത്തുവാൻ കഴിയുന്നില്ല. നിശ്ചിത മാതൃകയിലുള്ള തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കുന്നില്ല.

**ബജറ്റ്**

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല

**തനതു വരുമാനം**

തനതുവരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും തന്നെ ആസൂത്രണം ചെയ്തിട്ടില്ല.

**ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

4/2006 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 2005-06 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. തീർപ്പാക്കുവാനുള്ള പരാമർശങ്ങൾ ഒന്നുമില്ല.

പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തീർപ്പാക്കാത്ത ഗുരുതര പരാമർശങ്ങളൊന്നുമില്ല.

**1-11 രസീതി ബുക്കുകൾ, ഫ്രണ്ട് ഓഫീസ് ചുമതല എന്നിവ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ**

രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റിന് 27-02-2025 തീയതിയിൽ 8766 നമ്പർ രസീതി പുസ്തകം പണം പിരിവിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29-09-2025 തീയതിയിലെ നടപടിക്രമ ഉത്തരവ് നം.10/2025 പ്രകാരം ഓഫീസ് അറ്റൻഡന്റിന് ഫ്രണ്ട് ഓഫീസ് ചുമതലയും നൽകിയിട്ടുണ്ട്. 2025 ഒക്ടോബർ മാസത്തിൽ ചുമതല നൽകിയിട്ടുള്ള ദിവസങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തീയതി | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി പേരും തസ്തികയും |
|---|---|
| 06-10-2025 | ഷബ്ന, ഓഫീസ് അറ്റൻഡന്റ് |
| 14-10-2025 | ഷബ്ന, ഓഫീസ് അറ്റൻഡന്റ് |
| 22-10-2025 | ഷബ്ന, ഓഫീസ് അറ്റൻഡന്റ് |
| 29-10-2025 | ഷബ്ന, ഓഫീസ് അറ്റൻഡന്റ് |

14-10-2025 തീയതിയിൽ ഓഡിറ്റ് അംഗങ്ങൾ നടത്തിയ ക്യാഷ് ബാലൻസ് പരിശോധനാ വേളയിലാണ് മേൽ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. സർക്കാർ ഉത്തരവ് (ആർ.ടി) 1699/2017/ത.സ്വ.ഭ.വ തീയതി 24.5.17 പ്രകാരം പ്രാബല്യത്തിൽ വന്ന "ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് " ഖണ്ഡിക 6.5.11 അനുസരിച്ച് ഓഫീസ് അറ്റൻഡന്റിനെ രശീത് പുസ്തകങ്ങൾ ഉപയോഗിച്ച് നികുതി / പണം പിരിക്കുന്നതിന് ചുമതലപ്പെടുത്തുവാൻ കഴിയില്ല. ഓഫീസ് അറ്റൻഡന്റിനെ രശീത് പുസ്തകങ്ങൾ ഉപയോഗിച്ച് നികുതി / പണം പിരിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും ചുമതലപ്പെടുത്തിയത് മേൽനോട്ട ചുമതലയുള്ള അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ വീഴ്ചയാണ്. ഭാവിയിൽ 2011 ലെ കേരള പഞ്ചായത്ത് രാജ്

(അക്കൗണ്ട്സ്) ചട്ടങ്ങൾ, ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ വ്യവസ്ഥകൾ / നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.18/21-10-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-12-1 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്**

27.06.2024ലെ സ.ഉ.(സാധാ) നം.1149/2024/LSGD ഉത്തരവ് പ്രകാരം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതനുസരിച്ച് പഞ്ചായത്തുകളിലെ തൊഴിൽനികുതി സ്ളാബുകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയതിൽ, സ്ഥാപന ഉടമ സമർപ്പിച്ചിട്ടുള്ള റിട്ടേൺ പ്രകാരമുള്ള അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധ വാർഷിക വരുമാനം (രൂപ) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | രസീതി നം & തീയതി |
|---|---|---|---|---|---|---|
| 1 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | | | | | |
| | ഷെഹീത എ എച്ച്, ആയ | 54000 | 450 | 750 | 300 | 1240206607/ 28-3-25 |
| | സുനിത എം വി | 54000 | 450 | 750 | 300 | -ടി- |
| 2 | ബി ആർ സി, തൃത്താല | | | | | |
| | ശിൽപ, ആയ | 60000 | 600 | 750 | 150 | 1240205016/ 28-2-25 |
| 3 | ഗവ.ഹോമിയോ ഡിസ്പെൻസറി | | | | | |
| | സബിത വി ടി, കാഷ്വൽ സ്വീപ്പർ | 48000 | 600 | 750 | 150 | 1240204531/ 18-2-25 |
| 4 | ഗവ.ആയുർവേദ ഡിസ്പെൻസറി, ഒതളൂര് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | സിനു<br>കാഷ്വൽ സ്വീപ്പർ | 48000 | 450 | 750 | 300 | 1240204333/<br>7-2-25 |
| | **ആകെ** | | **2550** | **3750** | **1200** | |

മേൽ പറഞ്ഞ ജീവനക്കാരിൽ നിന്ന് പരിഷ്കരിച്ച നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/17-10-25) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

**1-12-2 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

എൽ.എസ്.ജി.ഡി LID & EW സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2024-25 വർഷത്തെ വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന കരാറുകാർ പഞ്ചായത്ത്പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ രണ്ട് അർദ്ധവർഷങ്ങളിലും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരുടെ ഓഡിറ്റ് വർഷത്തിൽ കരാറിലേർപ്പെട്ട ഏതാനും പ്രവൃത്തികളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ | ഏറ്റെടുത്ത പ്രവൃത്തികൾ ഉദാ:- |
|---|---|---|
| 1 | നൗഷാദ് ടി വി | നെല്ലിപ്പടി - വേങ്ങശ്ശേരി റോഡ് കോൺക്രീറ്റ് |
| 2 | മുഹമ്മദ് ആഷിഫ് കെ പി | അരീക്കാട് വിജ്ഞാനവാടി നവീകരണം |
| 3 | നിസാർ വി ടി | വെസ്റ്റ്ഹിൽ കോളനി സാംസ്കാരിക നിലയം നവീകരണം |
| 4 | കെ പി വാസു | കൃഷിഭവൻ കെട്ടിടം നവീകരണം, പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം |
| 5 | സുലൈമാൻ കെ പി | ചുടുവയൽ അങ്കണവാടി ചുറ്റുമതിൽ പൂർത്തീകരണം |
| 6 | ജയപ്രകാശൻ ടി | പൂലേരി അങ്കണവാടി അറ്റകുറ്റപണി |
| 7 | ഹുസൈൻ കെ വി | കക്കാട്ടിരി കുമ്പ്ര ഭാഗത്ത് പുളിയപ്പറ്റകായലിലേക്ക് റാമ്പും കുളിക്കടവും പുനരുദ്ധാരണം |

| | | |
|---|---|---|
| 8 | അച്യുതൻകുട്ടി | ആയുർവേദ ആശുപത്രിയിൽ കെട്ടിടം അറ്റകുറ്റപണി, ചേനംകുളം റോഡ് കോൺക്രീറ്റിംഗ് |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളവർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

**<u>1-12-3 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | വട്ടേനാട് ക്ഷീരോത്പാദക സഹകരണ സംഘം | 2 |
| 2 | തലക്കശ്ശേരി ക്ഷീരസംഘം | 2 |
| 3 | ക്വാറി യൂണിറ്റ് ഓഫ് അബൂബക്കർ | 4 |
| 4 | ആലൂർ ബ്ലൂമെറ്റൽ ക്രഷർ യൂണിറ്റ് | 4 |
| 5 | ബ്യുൽഡിംഗ് സ്റ്റോൺ ക്വാറി ഓഫ് ആലൂർ ബ്ലൂമെറ്റൽ ക്രഷർ | 5 |
| 6 | കരിങ്കൽ ക്വാറി - സി പി മുഹമ്മദ് അബ്ദുൾ ബഷീർ | 3 |
| 7 | NEZTOR ക്ലിനിക്, | 4 |

| | | |
|---|---|---|
| | പടിഞ്ഞാറങ്ങാടി | |
| 8 | അക്ഷയ സെന്റർ, വട്ടേനാട് | 5 |

## 1-12-4 താത്ക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ താഴെപറയുന്ന താത്ക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ചിത്ര | പ്രൊജക്ട് അസിസ്റ്റന്റ് |
| 2 | സുനിൽ | എച്ച്.ഐ |
| 3 | സച്ചിൻ | ഡ്രൈവർ |
| 4 | ഗോപിക | ക്ലർക്ക്, എൽ എസ് ജി ഡി |

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/17-10-2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽപറഞ്ഞ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി വരവ് പരിശോധന-അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് താമസിച്ചുകൊണ്ട് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, പട്ടിത്തറ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-13 സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ -വസ്തുനികുതി നിർണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(കൈ) നം.77/2023/LSGD തീയതി- 22.03.2023 പ്രകാരവും ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമ ത്തിനനുസരിച്ചുള്ള വസ്തുനികുതി നിരക്കുകളുടെ പട്ടിക 05.04.2023 -ലെ സ.ഉ (അച്ചടി) നം.25/2023/LSGD നമ്പർ ഉത്തരവു പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 24-07-2023 ലെ ഭരണസമിതി തീരുമാനം നം.5(1)

പ്രകാരം മേൽ ഉത്തരവുകൾക്കനുസൃതമായി കെട്ടിടങ്ങളെ ഉപയോഗക്രമം/ തറവിസ്തീർണ്ണം എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്.

മേൽ വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യ സ്വഭാവത്തോട് കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 25 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 5% വർദ്ധനവോടുകൂടി 26.25രൂപയാണ് 2024-25 വർഷത്തിൽ സഞ്ചയ പ്രകാരം നിരക്ക്.

എന്നാൽ വസ്തുനികുതി നിർണയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ മേൽ ഉപയോഗക്രമത്തിലുള്ള സ്ഥാപനങ്ങൾക്ക് വസ്തുനികുതി നിർണയിച്ചിട്ടില്ല എന്ന് കണ്ടെത്തി. ടി ഉപയോഗക്രമത്തിനനുസൃതമായി നമ്പർ നല്കുകയോ വസ്തു നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

ഗൂഗിൾ മാപ്പ്, ഗൂഗിൾ എർത്ത് എന്നിവയിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ വട്ടത്താണി റോഡ്, കക്കാട്ടിരിയിൽ **ഗോൾസ് ഫീൽഡ് ഫുട്ബാൾ ടർഫ്** എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥാപനം നിർമ്മിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/15-10-2025 ന് മറുപടി ലഭ്യമാക്കിയില്ല.
വാർഡ്തലത്തിൽ ഫീൽഡ് പരിശോധന നടത്തി പ്രസ്തുത ഉപയോഗക്രമത്തിലുള്ള സ്ഥാപനങ്ങൾക്ക് നിശ്ചയിച്ച നിരക്ക് പ്രകാരം വസ്തുനികുതി നിർണയിച്ച് ഡിമാന്റ് ചെയ്യേണ്ടതും തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## <u>1-14 കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖേനയുള്ള പണമിടപാടുകളുടെ പരിശോധന</u>

തദ്ദേശസ്വയംഭരണ (ഇ.ജി) വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സ.ഉ(കൈ) നം.66/2025/ L.S.G.D നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തു കളിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കെ-സ്മാർട്ട് സംവിധാനം ആരംഭിക്കുന്ന തീയതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടലാസ് രഹിത ഓഫീസുകളായി പ്രവർത്തിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ചെലവുകളും വരവുകളും കെ-സ്മാർട്ടിലൂടെയാണ് സ്വീകരിക്കുകയും നൽകുകയും ചെയ്യേണ്ടതെന്നും മാനുവൽ രസീതുകൾ ഉപയോഗിക്കാൻ പാടില്ലെന്നും ഫീൽഡിൽ പോയി പിരിച്ചെടുക്കുന്ന തുകകളും നിർവഹണ ഉദ്യോഗസ്ഥർ പിരിച്ചെടുക്കുന്ന ഗുണഭോക്തൃ വിഹിതങ്ങളും സ്വീകരിക്കുന്നതിന് ഇ-പോസ് മെഷീനുകൾ ഉപയോഗിക്കണമെന്നും നിർദേശിക്കുന്നുണ്ട്. നിയമാനുസൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും യഥാസമയം തയ്യാറാക്കി ഏർപ്പെടുത്തുന്നതിനും വിവിധ ഔദ്യോഗിക സംവിധാനങ്ങൾക്ക് പരിശോധനകൾക്കായി പ്രസ്തുത റജിസ്റ്ററുകളും റിപ്പോർട്ടുകളും ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഐ.കെ.എം-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തിലെ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖേനയുള്ള വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്‌വേ മുഖേന ഓൺലൈനായി അടവാക്കിയതും കെ-

സ്മാർട്ട് ഡേ ബുക്കിൽ വരവ് രേഖപ്പെടുത്തിയ തുകകൾ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ BHIM UPI അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 447101010036139, പട്ടിത്തറ ബ്രാഞ്ച്) കെ-സ്മാർട്ട് ബാങ്ക് ബുക്കിലും, എസ്.ബി.ഐ OWN FUND അക്കൗണ്ടിന്റെ (അക്കൗണ്ട് നം.67071168861) ബാങ്ക് ബുക്കിലും വരവായി രേഖപ്പെടുത്തുന്നുണ്ട്. പ്രസ്തുത തുകകളിൽ ഏതൊക്കെ വരവുകളാണ് യഥാർത്ഥത്തിൽ ക്രെഡിറ്റായതെന്ന വിവരം ലഭ്യമാവുന്ന സംവിധാനമില്ല. ബാങ്ക് അക്കൗണ്ടിന്റെ റിക്കൺസിലേഷൻ സ്ഥാപനം നാളിതുവരെ നടത്താത്തതിനാൽ ഓൺലൈനായി അടവാക്കിയവയിൽ ക്രെഡിറ്റായ വരവുകളുടെയും ക്രെഡിറ്റാവാത്ത വരവുകളുടെയും വിവരം തരം തിരിച്ച് ലഭ്യമല്ല.

2) ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഒരു നിശ്ചിത കാലയളവിൽ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് യഥാർത്ഥത്തിൽ ക്രെഡിറ്റായിട്ടുള്ള ഓൺലൈൻ വരവ് തുകകളുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല.

3) ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഒരു നിശ്ചിത പിരിയഡിനുള്ളിൽ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ള രസീതുകളുടെ റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല.

4) സ്ഥാപനത്തിലെ ഇ-പോസ് മെഷീനുകൾ കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ബന്ധിപ്പിക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

5) കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഓ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൗണ്ടിങ്ങ് ചട്ടം 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളുമായി നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. എന്നാൽ കെ.സ്മാർട്ട് സോഫ്റ്റ്വെയറിൽ ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ മൊഡ്യൂളുകൾ നിലവിൽ വന്നിട്ടില്ലാത്തതിനാൽ 2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തുകൾ ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലി യേഷൻ നാളിതുവരെ നടത്തിയിട്ടില്ല.

6) ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് ബുക്കിൽ ദൈനംദിന/പ്രതിമാസ/ വാർഷിക മുന്നിരിപ്പും നീക്കിയിരിപ്പും കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല.

ഓഡിറ്റ് അന്വേഷണം നം.21/21-10-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

***അപാകതകൾ പരിഹരിക്കപ്പെട്ട് കെ-സ്മാർട്ടിൽ റീകൺസിലിയേഷൻ ചെയ്യുന്നതിന് സൗകര്യം പൂർണമായും ലഭിക്കുകയും കെ-സ്മാർട്ട് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് മതിയായ പരിശീലനം ലഭിച്ചാലും മാത്രമേ കെ-സ്മാർട്ട് എന്ന സമഗ്രമായ ഒരു സോഫ്റ്റ്വെയർ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനം നടപ്പിലാകുകയുള്ളു. മേൽ അപാകതകൾ ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.***

## 1-15-1 സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് സൂക്ഷിച്ചിട്ടില്ല

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ

പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾ പൂർണമായും ലൈസൻസ് പരിധിയിൽ വന്നിട്ടുണ്ടോ എന്നു വ്യക്തമല്ല. ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കി സൂക്ഷിക്കുന്നപക്ഷം കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ കഴിയുമെന്നതിനാൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-15-2 റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 ലെ ക്രമ നം. 149 ആയി ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്) എ-9-764/2019 തിയതി. 22-01-2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. റേഷൻകടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ട് വന്ന് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15-3 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 2367 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 1519 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 293 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം | 2 |

| | |
|---|---|
| ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 243 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററർ, ഫ്യൂവൽ സ്റ്റേഷൻ | 1 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 39 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 88 |
| ഗോഡൗൺ ഉൾപ്പെട്ട സ്റ്റോറേജ് കെട്ടിടങ്ങൾ - 500 ച മീ വരെയുള്ളവ | 1 |
| വാണിജ്യാവശ്യം - മാളുകൾ | 5 |
| വാണിജ്യാവശ്യം - 500 ച മീ മുകളിൽ | 62 |
| വാണിജ്യാവശ്യം - 100 ച മീ മുകളിൽ 500 ച മീ വരെയുള്ളവ | 76 |
| വാണിജ്യാവശ്യം - 100 ച മീ വരെയുള്ളവ | 38 |
| ആകെ | 2367 |

ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 418 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്തിൽ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ, ഒന്നിലധികം കടമുറികളിൽ ഒരേ വ്യക്തി ഒരു വ്യാപാരം തന്നെ ചെയ്തു വരുന്നത് എന്നിവയൊക്കെ ഒഴിവാക്കിയാൽത്തന്നെയും ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ കണക്കുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ഈ വിഷയത്തിന്മേൽ ആവശ്യമായ പരിശോധനാ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/22-10-2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-15 ലൈസൻസ് പരിശോധന - ഓഡിറ്റ് നിരീക്ഷണങ്ങൾ**

ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

**1-16 വാടക വരവ് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ**

വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 7 കടമുറികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാടകമുറി നം. | വാടകയ്ക്കെടുത്ത സ്ഥാപനം/വ്യക്തി |
|---|---|---|
| 1 | 16/182, 16/190, 16/191 | സിവിൽ സപ്ലൈസ് |
| 2 | 16/184 | രഞ്ജിത്ത് പി എസ് |
| 3 | 16/185 | റഫീക്ക് വി വി |
| 4 | 16/186 | ഫാസിൽ സി വി |
| 5 | 16/187 | ഷിഹാബ് |
| 6 | 16/183 | പോസ്റ്റ് ഓഫീസ് അങ്ങാടി |
| 7 | 16/189 | ദിനേശൻ |

മേൽ കടമുറികളിൽ പോസ്റ്റ് ഓഫീസ് ഒഴികെയുള്ള മറ്റ് മുറികളിൽ നിന്നാണ് വാടക ഈടാക്കി വരുന്നത്. വാടക രജിസ്റ്റർ, വാടകക്കാരുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിന്മേൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**1) വാടക രജിസ്റ്റർ - വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ വാടക ഡിമാന്റും കളക്ഷനും 417,930രൂപയാണ് (I-3&RP-45). തൻവർഷത്തെ വാടക പൂർണമായും ഈടാക്കായിട്ടുള്ളതായാണ് കാണുന്നത്. ബാലൻസ് ഷീറ്റ് (B-15) പ്രകാരം മുൻവർഷങ്ങളിലെ കുടിശ്ശിക 315169രൂപ ഈടാക്കാനുണ്ട്. എന്നാൽ വാടക രജിസ്റ്ററിൽ വാടക ഈടാക്കിയതിന്റെ രസീത് വിവരങ്ങൾ ഉൾപ്പെടെയുള്ള പൂർണമായ വിശദാംശങ്ങൾ രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൻവർഷം വാടക ഈടാക്കിയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

**2) കുടിശ്ശികയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷങ്ങളിലെ കുടിശ്ശിക 315169 രൂപ ഈടാക്കാനുണ്ടെങ്കിലും ഏതെല്ലാം വാടകമുറികളുടെ കുടിശ്ശികയാണെന്നോ കുടിശ്ശിക ഡിമാന്റ് വിവരങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**3) വാടക കരാർ പൂർണമല്ല**

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരം കടമുറികൾ വാടകയ്ക്കു നൽകുമ്പോൾ മതിയായ മുല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിൽ വാടകക്കാരനുമായി കരാറിലേർപ്പെടേണ്ടതാണ്. പോസ്റ്റ്ഓഫീസ് ഒഴികെയുള്ളവരുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും സ്റ്റാമ്പ് പേപ്പറുകളിലൊന്നും തന്നെ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

**<u>4) കടമുറികൾ ലേലം ചെയ്യാൻ തീരുമാനിച്ചതിന്റെ - തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്</u>**

ഗ്രാമപഞ്ചായത്തിന്റെ 02-03-2024 - ലെ ഭരണസമിതി തീരുമാനം നം.6(1) പ്രകാരം വാടക കുടിശ്ശികയില്ലാത്തവരുടെ കരാർ പുതുക്കുന്നതിനും, വാടക 5% വർദ്ധിപ്പിക്കുന്നതിനും വാടകകുടിശ്ശികയുള്ള മുറികൾ ലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വാടക രജിസ്റ്റർ, കരാർ എന്നിവ പരിശോധിച്ചതിൽ 2023-24 വർഷത്തെ വ്യക്തികൾ/സ്ഥാപനങ്ങൾ തന്നെയാണ് മുറികൾ വാടകയ്ക്കെടുത്തിട്ടുള്ളത് എന്നു കാണുന്നു. മുൻവർഷങ്ങളിലെ കുടിശ്ശിക നിലനിൽക്കെ അതേ വ്യക്തികൾക്ക് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഭരണസമിതി തീരുമാന പ്രകാരം ലേലനടപടികൾ സ്വീകരിച്ചെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
മേൽ വിവരങ്ങൾ/വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/21-10-25) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**<u>1-17 തുല്യത പഠന സഹായം-രേഖകൾ ലഭ്യമാക്കിയില്ല</u>**

പ്രൊജക്ട് നമ്പർ 58/25- തുല്യത പഠന സഹായം 2024-25

അടങ്കൽ - 50000.00 (തനത് ഫണ്ട്)

ചെലവ്- രൂ.20700.00 (ചെക്ക് നം.5839112 ,തീയതി:20-03-2025 ) + രൂ5550.00(ചെക്ക് നം. 5839112 ,തീയതി:20-03-2025)

നിർവഹണം- ഹെഡ് മിസ്ട്രസ് , ജി എൽ പി എസ് , പട്ടിത്തറ

മേൽ പ്രൊജക്ട് പ്രകാരം 3 പഠിതാക്കൾക്ക് പത്താം തരം തുല്യത പരീക്ഷക്കും , 5 പഠിതാക്കൾക്ക് ഒന്നാം വർഷ ഹയർ സെക്കണ്ടറി തുല്യത പരീക്ഷക്കും, 4 പഠിതാക്കൾക്ക് രണ്ടാം വർഷ ഹയർ സെക്കണ്ടറി തുല്യത പരീക്ഷക്കും വേണ്ടി കേരളാ സംസ്ഥാന സാക്ഷരതാ മിഷന് തുകകൾ നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.22 ഖണ്ഡിക 2.15(2) ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന പഠിതാക്കളുടെ കുടുംബ വാർഷിക വരുമാന പരിധി രണ്ട് ലക്ഷം രൂപയിൽ അധികരിക്കുന്നില്ലെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ബി)തുല്യതാ പഠനഫീസ് അനുവദിച്ച ഗുണഭോക്താക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾടിക്കറ്റ്, മാർക്ക് ലിസ്റ്റ് മുതലായവ) പരിശോധനക്ക് ഹാജരാക്കിയില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 5/15.10.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 12 ഗുണഭോക്താക്കളുടെയും കുടുംബ വാർഷിക വരുമാനം സംബന്ധിച്ച രേഖകളുടെ പകർപ്പും, പരീക്ഷക്ക് ഹാജരായ തിന്റെ രേഖകളുടെ പകർപ്പും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-18-1 78832/- രൂപയുടെ ബിൽ പരിശോധനയ്ക്ക് ലഭ്യമായില്ല**

എഫ്എച്ച്സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി **പെയിൻ & പാലിയേറ്റീവ് കെയർ സാന്ത്വന പരിചരണം പദ്ധതി** 2024-25 വർഷം നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 45/25, പെയിൻ &പാലിയേറ്റീവ് കെയർ സാന്ത്വന പരിചരണം പദ്ധതി |
| അടങ്കൽ | ₹1600000 |
| ഫണ്ടിനം | വികസന ഫണ്ട് ₹1300000 + തനത് ഫണ്ട് ₹300000 |
| ചെലവ് | ₹1477717 |
| | വികസന ഫണ്ട് ₹1180029+ തനത് ഫണ്ട്₹297688 |
| ബിൽ നമ്പർ/ തീയതി | 7/07.06.2024-2500<br>13/07.06.2024-48070<br>14/07.06.2024-76260<br>15/07.06.2024-48320<br>19/12.06.2024-4500<br>20/12.06.2024-62250<br>21/18.06.2024-46161<br>22/18.06.2024-19305<br>28/18.06.2024-48070<br>38/13.09.2024-48070<br>39/13.09.2024-56070<br>41/13.09.2024-78832<br>44/13.09.2024-5400<br>45/13.09.2024-29600<br>49/13.09.2024-53070<br>50/13.09.2024-24806<br>51/13.09.2024-1840<br>76/19.12.2024-48070<br>77/19.12.2024-48320<br>80/05.01.2025-8500<br>81/05.01.2025-8500 |

| | |
|---|---|
| | 82/05.01.2025-9980 |
| | 83/05.01.2025-23700 |
| | 84/05.01.2025-78832 |
| | 85/05.01.2025-14451 |
| | 86/05.01.2025-15000 |
| | 87/05.01.2025-47500 |
| | 93/05.01.2025-14879 |
| | 94/05.01.2025-41657 |
| | 95/05.01.2025-29600 |
| | 113/18.02.2025-1001 |
| | 114/18.02.2025-62995 |
| | 145/14.03.2025-40768 |
| | 154/15.03.2025-49250 |
| | 157/17.03.2025-5950 |
| | 160/17.03.2025-5400 |
| | 161/17.03.2025-34000 |
| | 162/17.03.2025-34000 |
| | 164/17.03.2025-50396 |
| | 165/17.03.2025-51970 |
| | 169/20.03.2025-48570 |
| | 170/20.03.2025-39998 |
| | 173/20.03.2025-8822 |
| | 177/20.03.2025-2484 |

മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങിച്ചതിൽ 78832/- രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ അക്കൌണ്ടിലേക്ക് നൽകിയതിന്റെ സാംഖ്യ ബിൽ മാത്രമാണ് പരിശോധനക്ക് ലഭ്യമായത്. കാരുണ്യയിൽ നിന്നുള്ള പ്രോഫോർമ ഇൻവോയ്സ്, മറ്റ് അനുബന്ധരേഖകൾ, മരുന്ന് ലഭ്യമായതിന്റെ വിവരം, സ്റ്റോക് രജിസ്റ്റർ തുടങ്ങിയവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/21.10.2025) മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതുവരെ **₹78832/-** തടസ്സപ്പെടുത്തുന്നു.

**1-18 ഒരു ഇൻവോയ്സ് പ്രകാരം രണ്ടു തവണ തുക അനുവദിച്ചു**

എഫ്എച്ച്സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി **പെയിൻ & പാലിയേറ്റീവ് കെയർ സാന്ത്വന പരിചരണം പദ്ധതി** 2024-25 വർഷം നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | 45/25, പെയിൻ &പാലിയേറ്റീവ് കെയർ സാന്ത്വന പരിചരണം പദ്ധതി |
| അടങ്കൽ | ₹1600000 |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് ₹1300000 + തനത് ഫണ്ട് ₹300000 |
| ചെലവ് | ₹1477717 |
| | വികസന ഫണ്ട് ₹1180029+ തനത് ഫണ്ട്₹297688 |
| ബിൽ നമ്പർ/ തീയതി | 7/07.06.2024-2500<br>13/07.06.2024-48070<br>14/07.06.2024-76260<br>15/07.06.2024-48320<br>19/12.06.2024-4500<br>20/12.06.2024-62250<br>21/18.06.2024-46161<br>22/18.06.2024-19305<br>28/18.06.2024-48070<br>38/13.09.2024-48070<br>39/13.09.2024-56070<br>41/13.09.2024-78832<br>44/13.09.2024-5400<br>45/13.09.2024-29600<br>49/13.09.2024-53070<br>50/13.09.2024-24806<br>51/13.09.2024-1840<br>76/19.12.2024-48070<br>77/19.12.2024-48320<br>80/05.01.2025-8500<br>81/05.01.2025-8500<br>82/05.01.2025-9980<br>83/05.01.2025-23700<br>84/05.01.2025-78832<br>85/05.01.2025-14451<br>86/05.01.2025-15000<br>87/05.01.2025-47500<br>93/05.01.2025-14879<br>94/05.01.2025-41657<br>95/05.01.2025-29600<br>113/18.02.2025-1001<br>114/18.02.2025-62995<br>145/14.03.2025-40768<br>154/15.03.2025-49250 |

| | |
|---|---|
| | 157/17.03.2025-5950<br>160/17.03.2025-5400<br>161/17.03.2025-34000<br>162/17.03.2025-34000<br>164/17.03.2025-50396<br>165/17.03.2025-51970<br>169/20.03.2025-48570<br>170/20.03.2025-39998<br>173/20.03.2025-8822<br>177/20.03.2025-2484 |
| | 14,77,717/- |

മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. മരുന്നുകൾ വാങ്ങിച്ചതിൽ കൂറ്റനാട് നീതി മെഡിക്കൽ സ്റ്റോർ എന്ന സ്ഥാപനത്തിലെ ഇൻവോയ്സ് നമ്പർ 12074/SO/1/01164/ 29.08.2024 പ്രകാരമുള്ള ₹ 29600/- രൂപ രണ്ട് ബില്ലുകളിൽ നിന്നും നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള തുകകൾ രണ്ട് ബില്ലുകളിലും ഉൾപ്പെടുന്നതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ/ തീയതി | ആകെ ബിൽ തുക | മെഡിക്കൽ സ്റ്റോർ ഇൻവോയ്സ് നമ്പർ /തീയതി /തുക |
|---|---|---|
| 95/05.01.2025 വികസന ഫണ്ട് | 29600 | 12074/SO/1/01164/ 29.08.2024 – 29600 |
| 45/13.09.2024 വികസന ഫണ്ട് | 29600 | 12074/SO/1/01164/ 29.08.2024 – 29600 |

മേൽ സൂചിപ്പിച്ച രണ്ട് ബില്ലുകൾ മുഖേന ഒരേ ഇൻവോയ്സ് പ്രകാരമുള്ള ₹29600/- രണ്ട് പ്രാവശ്യം മെഡിക്കൽ സ്റ്റോറിന് അനുവദിച്ചിട്ടുണ്ട്. ഒരു ഇൻവോയ്സ് മുഖേന രണ്ട് പ്രാവശ്യം തുക അനുവദിച്ചതിനാൽ **₹29600/-** അധികമായി ചെലവഴിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/17.10.2025) മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച 29600 തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക)

**<u>1-19 ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താവിന് അധികമായി തുക അനുവദിച്ചു</u>**.

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി ലൈഫ് ഭവനപദ്ധതി-(എസ്.സി.പി ) നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 39/25 (ലൈഫ് |

| | |
|---|---|
| | ഭവനപദ്ധതി- എസ്.സി.പി ) |
| അടങ്കൽ | ₹68800000/- (₹4920100- വികസനഫണ്ട് (Scp), സംസ്ഥാനാവിഷ്കൃത ഫണ്ട് -₹25000000, ബ്ലോക്ക് വിഹിതം-₹5879900 ജില്ലാപഞ്ചായത്ത് വിഹിതം-₹8000000 മറ്റുള്ളവ-₹25000000 ) |
| ചെലവ് | ₹24545000/- (₹4915000- വികസനഫണ്ട് (Scp), സംസ്ഥാനാവിഷ്കൃത ഫണ്ട് -₹10780000, ജില്ലാപഞ്ചായത്ത് വിഹിതം-₹2100000 മറ്റുള്ളവ-₹6750000 ) |
| ബിൽ നം/ തിയതി | 85 – 04/07/2024 -480000<br>86 – 04/07/2024-480000<br>87 – 04/07/2024-480000<br>88 – 04/07/2024-360000<br>187 – 16/10/2024-40000<br>314 – 06/01/2025-1365000<br>454 – 10/03/2025-1710000<br>42401421/11.07.2024-600000<br>42401589/19.03.2025-1500000<br>288/ 06/07/2024- 100000<br>289/06/07/2024- 900000<br>290/08/07/2024-400000<br>306/29/07/2024-1520000<br>350/24/09/2024 -2100000<br>353/24/09/2024 -500000<br>354/26/09/2024- 740000<br>359/30/09/2024 -240000<br>369/15/10/2024-650000<br>370/15/10/2024-300000<br>371/5/10/2024 -1200000<br>372/ 15/10/2024-500000<br>377/16/10/2024 -600000<br>411/08/11/2024- 1000000<br>413/ 08/11/2024- 400000<br>519/ 06/01/2025-1300000 |

| | |
|---|---|
| | 522/07/01/2025 -520000<br>524/ 07/01/2025-860000<br>4240142/04.07.2024- 480000<br>567/ 06/02/2025-280000<br>596/15/02/2025-360000<br>597/ 15/02/2025 -320000<br>598/15/02/2025-200000<br>625/ 04/03/2025 -160000<br>853/ 29/03/2025-1020000<br>854/29/03/2025 -200000<br>855/ 29/03/2025-680000 |
| പ്രോജക്ട് നം. | 166/25 (ലൈഫ് ഭവനപദ്ധതി- എസ്.സി.പി ) |
| അടങ്കൽ | ₹19290000/- (₹1485000- വികസനഫണ്ട് (Scp), സംസ്ഥാനാവിഷ്കൃത ഫണ്ട് -₹1700000, ബ്ലോക്ക് വിഹിതം-₹510000, ജില്ലാപഞ്ചായത്ത് വിഹിതം-₹1200000, മറ്റുള്ളവ-₹14395000 ) |
| ചെലവ് | ₹2785000/- (₹1485000- വികസനഫണ്ട് (Scp), സംസ്ഥാനാവിഷ്കൃത ഫണ്ട് -₹1300000) |
| 166/25-സരോജിനി എന്ന ഗുണഭോക്താവിന് തുക അനുവദിച്ച സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ ബിൽ നമ്പറും തിയതിയും. | 351/ 24/09/2024 -1300000 |

ലൈഫ്മിഷൻ ലിസ്റ്റിലുൾപ്പെട്ട എസ്.സി.പി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താ ക്കൾക്ക് വീട് നിർമ്മിക്കുന്നതിന് 400000/- രൂപ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. സാംഖ്യ, ചെലവുരേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയിൽ കൂടുതൽ തുക അനുവദിച്ചതായി കണ്ടെത്തി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സരോജിനി, ചേറൂളിപ്പടി, പട്ടിത്തറ എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണ ത്തിനായി 4 ലക്ഷം രൂപയ്ക്ക് പകരം 4.20 ലക്ഷം രൂപ അക്കൌണ്ടിലേക്ക് (A/C No. 447102010008797, UBIN0544710 ) അനുവദിച്ചിട്ടുണ്ട്. തുക നൽകിയതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/ തീയതി | ഫണ്ട് | തുക |
|---|---|---|---|
| 1 | 85 / 04/07/2024 -480000 | വികസന ഫണ്ട്(Scp) | 40000 |
| 2 | 86 /04/07/2024-480000 | വികസന ഫണ്ട്(Scp) | 80000 |
| 3 | 351/ 24/09/2024-1300000 (പ്രോജക്ട് നം.166/25) | തനത് ഫണ്ട് | 100000 |
| 4 | 290/08/07/2024-400000 | തനത് ഫണ്ട് | 100000 |
| 5 | 350/24/09/2024 -2100000 (ബിൽ മാറിയത്- ഷബ്ന.ടി.ടി) | തനത് ഫണ്ട് | 100000 |
| | **ആകെ** | | **420000** |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ / എസ്.സി.പി വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി തുക 4 ലക്ഷം രൂപയാണ്. 20000/- രൂപ മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് അധികം നൽകിയിട്ടുണ്ട്.

<u>രണ്ട് പ്രൊജക്ടുകളിൽ നിന്ന് തുക അനുവദിച്ചു</u>

മേൽ പരാമർശിച്ച ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 39/25 (ലൈഫ് ഭവനപദ്ധതി- എസ്.സി.പി ) എന്ന പദ്ധതിയിൽ നിന്നും 166/25 (ലൈഫ് ഭവനപദ്ധതി- എസ്.സി.പി Spill Over) എന്ന പദ്ധതിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. രണ്ട് പ്രൊജക്ടുകളിൽ നിന്നുമായാണ് ആകെ 420000 രൂപ ഗുണഭോക്താവിന് നൽകിയിട്ടുള്ളത്.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/21.10.2025 ) മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡിക 3-2 കാണുക

## <u>1-20 മരുന്ന് വാങ്ങൽ - അധികം തുക നൽകി</u>

എഫ്എച്ച്സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി **FHC യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി** 2024-25 വർഷം നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | 47/25, FHC യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹850000 |
| ഫണ്ടിനം | വികസന ഫണ്ട് ₹300000 + ധനകാര്യ കമ്മീഷൻ അവാർഡ് ₹50000 + തനത് ഫണ്ട് ₹100000+ |

| | |
|---|---|
| | മെയിനന്റനൻസ് ഫണ്ട് (റോഡിതരം)₹400000 |
| ചെലവ് | ₹831833 |
| | വികസന ഫണ്ട് ₹299997+ ധനകാര്യ കമ്മീഷൻ അവാർഡ് ₹48048 + തനത് ഫണ്ട് ₹83800+ മെയിനന്റനൻസ് ഫണ്ട് (റോഡിതരം)₹399988 |
| ബിൽ നമ്പർ/ തീയതി | 4/07.06.2024 – 29525<br>5/07.06.2024 - 22770<br>6/07.06.2024 – 3360<br>8/ 07.06.2024-5500<br>9/ 07.06.2024-6000<br>10/ 07.06.2024-49450<br>11/ 07.06.2024-18000<br>12/ 07.06.2024-12760<br>23/18.06.2024-3970<br>24/18.06.2024-12100<br>25/18.06.2024-30200<br>26/18.06.2024-11053<br>29/04.07.2024-7600<br>42/13.09.2024-34300<br>43/13.09.2024-49500<br>63/07.11.2024-40600<br>64/07.11.2024-33180<br>65/07.11.2024-40900<br>66/07.11.2024-5400<br>67/07.11.2024-17882<br>68/07.11.2024-14250<br>99/06.02.2025-15120<br>100/06.02.2025-13440<br>101/06.02.2025-4032<br>106/17.02.2025-14652<br>107/17.02.2025-14633<br>108/17.02.2025-15000<br>109/17.02.2025-15000<br>110/17.02.2025-15000<br>111/17.02.2025-7200<br>112/18.02.2025-2360<br>124/20.02.2025-15456 |

| | |
|---|---|
| | 127/01.03.2025-5400<br>133/10.03.2025-4256<br>134/10.03.2025-4928<br>138/12.03.2025-3808<br>140/13.03.2025-8568<br>141/13.03.2025-18760<br>142/13.03.2025-18760<br>143/13.03.2025-9600<br>144/13.03.2025-3000<br>146/14.03.2025-11894<br>147/14.03.2025-6944<br>148/14.03.2025-14000<br>150/15.03.2025-5500<br>151/15.03.2025-6300<br>152/15.03.2025-14000<br>153/15.03.2025-11988<br>155/17.03.2025-12320<br>156/17.03.2025-3600<br>158/17.03.2025-14933<br>159/17.03.2025-14537<br>168/19.03.2025-14700<br>174/24.03.2025-52369<br>175/24.03.2025-37520<br>182/25.03.2025-19152<br>183/25.03.2025-8568 |

മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങിച്ചതിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് സ്റ്റോർ എന്ന സ്ഥാപനത്തിലെ ഇൻവോയ്സ് നമ്പർ 24-02064/ 14.01.2025 പ്രകാരമുള്ള ₹ 18760/- രൂപ രണ്ട് ബില്ലുകളിൽ നിന്നും നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള തുകകൾ രണ്ട് ബില്ലുകളിലും ഉൾപ്പെടുന്നതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/ തീയതി | ആകെ ബിൽ തുക | ഇൻവോയ്സ് നമ്പർ /തീയതി /തുക |
|---|---|---|
| 141/13.03.2025 | ₹18760 | 24-02064/ 14.01.2025 – ₹18760 |
| 142/13.03.2025 | ₹18760 | 24-02064/ 14.01.2025 – ₹18760 |

മേൽ സൂചിപ്പിച്ച രണ്ട് ബില്ലുകളിലും ഉൾപ്പെട്ട ഒരു ഇൻവോയ്സ് പ്രകാരമുള്ള ₹18760/-രൂപ രണ്ട് പ്രാവശ്യം മെഡിക്കൽ സ്റ്റോറിന് അനുവദിച്ചിട്ടുണ്ട്. ഒരു ഇൻവോയ്സ് മുഖേന രണ്ട് പ്രാവശ്യം തുക അനുവദിച്ചതിനാൽ **₹18760/-** അധികമായി

ചെലവഴിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/17.10.2025) മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡിക 3-3 കാണുക

**1-21 ക്വട്ടേഷൻ /ടെൻഡർ കൂടാതെ ഹോസ്പിറ്റൽ ആവശ്യത്തിന് സാധനങ്ങൾ വാങ്ങി**

എഫ്എച്ച്സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി **ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ പദ്ധതി** 2024-25 വർഷം നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | 282/25, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ (Spillover) |
| അടങ്കൽ | ₹1003425 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹732971 (ഹെൽത്ത് ഗ്രാന്റ്) |
| ബിൽ നമ്പർ / തീയതി | 316, 13/08/2024 -₹79200<br>317, 13/08/2024 -₹13999<br>318, 13/08/2024-₹1288<br>319, 13/08/2024 -₹13867<br>320, 13/08/2024 – ₹2663<br>323, 16/08/2024 – ₹7930<br>346, 24/09/2024 -₹788<br>347, 24/09/2024 -₹12470<br>392, 30/10/2024 – ₹22450<br>383, 30/10/2024 -₹10290<br>395, 04/11/2024 -₹124000<br>396, 04/11/2024 -₹26432<br>397, 04/11/2024 -₹7392<br>398, 04/11/2024 – ₹9994<br>399, 04/11/2024 -₹708<br>452, 11/12/2024 -₹5693<br>467, 20/12/2024 -₹3160<br>468, 20/12/2024 -₹12400<br>469, 20/12/2024 -₹2632<br>472, 20/12/2024 -₹5693<br>562, 04/02/2025-₹9305<br>563, 04/02/2025 -₹22614<br>564, 04/02/2025 -₹4491<br>565, 04/02/2025 -₹27328<br>587, 15/02/2025 -₹3516<br>588, 15/02/2025 -₹8400<br>589, 15/02/2025 -₹11881<br>590, 15/02/2025-₹14795<br>609, 22/02/2025-₹1711<br>611, 22/02/2025-₹7622 |

| | | |
|---|---|---|
| | | 612, 22/02/2025-₹9936<br>613, 22/02/2025-₹8960<br>614, 22/02/2025-₹9990<br>615, 22/02/2025 -₹4346<br>608, 22/02/2025 -₹14710<br>619, 24/02/2025-₹10265<br>632, 06/03/2025-₹9196<br>633, 06/03/2025 -₹5026<br>690, 12/03/2025 -₹10665<br>709, 15/03/2025 -₹14518<br>710, 15/03/2025-₹5682<br>712, 15/03/2025 -₹14720<br>742, 20/03/2025-₹13307<br>743, 20/03/2025-₹14638<br>765, 21/03/2025-₹84000<br>799, 24/03/2025 -₹13358<br>809, 24/03/2025 -₹13892<br>810, 24/03/2025 -₹1050 |

മേൽ പദ്ധതി പ്രകാരം ഹോസ്പിറ്റലിലെ വിവിധ ആവശ്യങ്ങൾക്കായി തെർമൽ പേപ്പർ, മൈക്രോ ടിപ്പ്,ഗ്ലൂക്കോ മീറ്റർ സ്ട്രിപ്പ്, സെൻട്രിഫ്യൂജ് ട്യൂബ്, സിറിഞ്ച്, HBA1c15TMISPA12 എന്നി ഇനങ്ങൾ പർച്ചേസ് ചെയ്തിരിക്കുന്നത് വേണുസ് സയന്റിഫിക് 2024-25, പാട്ടുരായ്ക്കൽ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നാണ്. ക്വട്ടേഷൻ / ടെൻഡർ കൂടാതെ നേരിട്ടാണ് വിവിധ തിയതികളിലായി പ്രസ്തുത സ്ഥാപനത്തിൽ നിന്നും 152121/- രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.
ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/17.10.2025 ) മറുപടി ലഭ്യമാക്കിയില്ല. ക്വട്ടേഷൻ / ടെൻഡർ കൂടാതെ നേരിട്ട് വിവിധ ബില്ലുകളിലായി 152121/- രൂപയുടെ സാധനങ്ങൾ വാങ്ങിയതിനും, അടുത്തുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്. പർച്ചേസുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-22 കുടിവെള്ള ടാങ്ക് വിതരണ പദ്ധതി - അപാകതകൾ</u>**

പ്രൊജക്ട് – SO 284/25- കുടിവെള്ള ടാങ്ക് വിതരണം എസ് സി കുടുംബങ്ങൾക്ക്- 2024-25

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 144000(വികസന ഫണ്ട് SCP 108000 + ഗുണഭോക്തൃ വിഹിതം 36000)

ചെലവ് –142600

വികസന ഫണ്ട് 106950, ഗുണഭോക്തൃ വിഹിതം- 35650

( ബിൽ നം 17/11.3.25 രൂ 79050 +

വൗച്ചർ നം 22401221/19.3.25 -26350+

ബിൽ നം 22/24.3.25- 27900

വൗച്ചർ നം 22401293/ 27.3.25 - 9300)

കുടിവെള്ള ടാങ്ക് വിതരണപദ്ധതി പ്രകാരം 48 ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് നൽകിയിട്ടുണ്ട്. 75% സബ്സിഡിയും 25% ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ ആകെ 142600 രൂപ ചെലവഴിച്ചിട്ടുണ്ട്. ജെം മുഖേനയാണ് വാട്ടർ ടാങ്ക് പർച്ചേസ് നടത്തിയത് .

രണ്ട് തവണയായാണ് പർച്ചേസ് നടത്തിയത്. ആദ്യം 34 ടാങ്കുകൾ M/S.Global Ventures, വട്ടമ്പലം എന്ന സ്ഥാപനത്തിൽ നിന്നും പിന്നീട് 14 ടാങ്കുകൾ M/S A.H.Wood Industries,Vattambalam എന്ന സ്ഥാപനത്തിൽ നിന്നുമാണ് ജെം മുഖേന വാങ്ങിയത്. 3100 രൂപ നിരക്കിലാണ് രണ്ട് പർച്ചേസുകളും നടത്തിയത്.

പദ്ധതി നിർവഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു

1)ജെം *സാങ്ഷൻ ഓർഡർ നം 511687701709916/23.2.25* പ്രകാരം 34 Sintex Neo 500 Liter , Double Layered Vertical Water Tank Conforming IS 12701 എന്ന സ്പെസിഫിക്കേഷനോടു കൂടിയ വാട്ടർ ടാങ്കുകൾ വാങ്ങുന്നതിന് M/S.Global Ventures, Vattambalam Palakkad-678583 എന്ന സ്ഥാപനത്തിന് ഓർഡർ നൽകിയിരുന്നു. എന്നാൽ *സാങ്ഷൻ ഓർഡറി*ലെ നിബന്ധന അനുസരിച്ചുള്ള ഇനമല്ല സപ്ലൈ ചെയ്തിട്ടുള്ളത്.

2)ജെം *സാങ്ഷൻ ഓർഡർ നം 511687782418344/19.3.25* പ്രകാരം 14 Parimal PVC Coated Canvas Water Tank 500 Liter1 എന്ന സ്പെസിഫിക്കേഷനോടു കൂടിയ വാട്ടർ ടാങ്കുകൾ വാങ്ങുന്നതിന് M/S.A.H.Wood Industries,Vattambalam, Palakkad-678583 എന്ന സ്ഥാപനത്തിന് ഓർഡർ നൽകിയിരുന്നു. *സാങ്ഷൻ ഓർഡറി*ലെ നിബന്ധന അനുസരിച്ചുള്ള ഇനമല്ല സ്ഥാപനം വിതരണം ചെയ്തത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 12/18.10.25 ന് നൽകിയ മറുപടിയോടൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരം AMCO, വട്ടമ്പലം എന്ന ബ്രാൻഡിന്റെ വാട്ടർ ടാങ്കുകളാണ് വിതരണം ചെയ്തതിട്ടുള്ളത്. സപ്ലൈ ഓർഡർ പ്രകാരം വിതരണം ചെയ്യേണ്ടത് IS 12071 :1996 സർട്ടിഫിക്കേഷൻ ഉള്ള Sintex Neo 500 ലിറ്റർ ടാങ്കുകളും Parimal PVC Coated Canvas വാട്ടർ ടാങ്കുമായിരുന്നു. സപ്ലൈ ഓർഡർ പ്രകാരമുള്ള ഇനമല്ല സ്ഥാപനം വിതരണം ചെയ്തത്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥ ഇത് പരിശോധിക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്ചാതെ ഗുണഭോക്താ ക്കൾക്ക് ടാങ്കുകൾ വിതരണം ചെയ്യുകയും സ്ഥാപനത്തിന് ബിൽ തുക നൽകുകയും ചെയ്തു. സപ്ലൈ ചെയ്ത ഇനത്തിന്റെ ക്വാളിറ്റിയോ മാർക്കറ്റ് വിലയോ നിർവഹണ ഉദ്യോഗസ്ഥ പരിശോധിച്ചിട്ടില്ല.



കൂടാതെ .Global Ventures, A.H.Wood Industries എന്നീ രണ്ട് സ്ഥാപനങ്ങളുടേയും GST Registration പരിശോധിച്ചതിൽ HSN Code 3925 ( പർച്ചേസ് ബിൽ പ്രകാരമുള്ള വാട്ടർ ടാങ്കുകളുടെ HSN Code) പ്രകാരമുള്ള ഇനങ്ങളുടെ Supply രജിസ്ട്രേഷനിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതും കരാറുകാരനെതിരെ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്. ഭാവിയിൽ പർച്ചേസ് നടത്തുമ്പോൾ സപ്ലൈ ചെയ്യപ്പെടുന്ന ഇനങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രം തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ പദ്ധതി - നടപടിക്രമം പാലിച്ചിട്ടില്ല

1. പ്രൊജക്ട് - ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ (75/25)

നിർവഹണം സെക്രട്ടറി

അടങ്കൽ- 300000 (തനത് ഫണ്ട്)

ചെലവ് - 264000

22400908/21.12.24 – 165950

22401263/26.3.25 - 98050

ക്ലീൻ കേരളക്ക് നൽകിയ അജൈവ മാലിന്യങ്ങൾ തവക്കൽ വെയ് ബ്രിഡ്ജ് വല്ലപ്പുഴ, പെരിന്തൽമണ്ണ, കൊപ്പം , പടിഞ്ഞാറങ്ങാടി തുടങ്ങി വിവിധ സ്ഥലങ്ങളിലെ വെയ്ബ്രിഡ്ജുകളിലാണ് ഭാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. വെയ് ബ്രിഡ്ജിൽ നിന്നും ലഭിച്ച ബില്ലിലെ അളവിനനുസരിച്ചാണ് ഗ്രാമ പഞ്ചായത്ത് തുക നൽകിയിരിക്കുന്നത്. പദ്ധതി മാർഗരേഖയിലെ വ്യവസ്ഥ പ്രകാരം അജൈവ മാലിന്യങ്ങൾ കയറ്റുന്നതിനു മുമ്പും, Weigh ചെയ്യുമ്പോഴും ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥർ സന്നിഹിതരായി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പ്രൊജക്ട് - ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ-Spill Over- (180/25)

അടങ്കൽ-200000 (CFC)

ചെലവ് - 199350

22400493/5.9.24- 199350

ക്ലീൻ കേരള കമ്പനിയുടെ ഇൻ വോയ്സ് മാത്രമാണ് ബില്ലിനോടൊപ്പമുള്ളത്. GPS രേഖകകൾ , Weigh Bridge ൽ നിന്നുള്ള സർട്ടിഫിക്കറ്റ് തുടങ്ങിയവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഭാവിയിൽ അജൈവ മാലിന്യങ്ങൾ കയറ്റുന്നതിനു മുമ്പും, Weigh ചെയ്യുമ്പോഴും ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥർ സന്നിഹിതരായി സാക്ഷ്യപ്പെടുത്തേണ്ടതും ആയത് പരിശോധിച്ച് മാത്രം തുക അനുവദിക്കേണ്ടതുമാണ്.

## 1-24 തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട്- തെരുവ് വിളക്ക് സ്ഥാപിക്കൽ 23-24(178/25)
നിർവഹണം – സെക്രട്ടറി

അടങ്കൽ -300000 -തനത് ഫണ്ട്

ചെലവ് - 299520

വൗച്ചർ നം- 22400807/30.11.24

കരാറുകാരൻ- അബ്ദുൾ കബീർ

AK ELECTRICALS AND SOLUTIONS,KARIMBA,

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ LED ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് ഒരു ലൈറ്റിന് 1280 രൂപ നിരക്കിൽ ശ്രീ.അബ്ദുൾ കബീറിന്റെ കരാർ അംഗീകരിച്ചിട്ടുണ്ട്. 18 വാർഡുകളിലായി ആകെ 234 വിളക്കുകൾ സ്ഥാപിച്ചതായി വാർഡു മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ ഇതിനായി 299520 രൂപയുടെ ബിൽ സമർപ്പിക്കുകയും 10% റിടെൻഷൻ തുക (29952) കുറവ് ചെയ്ത് ബാലൻസ് കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവർത്തി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് നടത്തേണ്ടതെങ്കിലും പ്രസ്തുത ഉദ്യോഗസ്ഥരുടെ

സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

07-11-2024 ന് അസിസ്റ്റന്റ് എൻജിനീയർ , , കെ എസ് ഇ ബി , തൃത്താലക്ക് ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റിനായി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ സാക്ഷ്യപത്രം ലഭ്യമാക്കാതെ തന്നെ കരാറുകാരന് തുക നൽകിയിട്ടുണ്ട്. സാക്ഷ്യപത്രം ലഭ്യമായോ എന്നും റിടെൻഷൻ തുക തിരികെ നൽകിയോ എന്നും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി -.16/19.10.25 ന് മറുപടി ലഭ്യമായില്ല

ഓഡിറ്റിന് ലഭ്യമാക്കിയ തെരുവ് വിളക്ക് രജിസ്റ്ററിൽ മേൽ പറഞ്ഞ പ്രകാരമുള്ള 234 വിളക്കുകളുടെ വിവരം ചേർത്തിട്ടുമില്ല.
തെരുവ് വിളക്കുകളുടെ ഇൻസ്റ്റലേഷൻ സംബന്ധിച്ച് വൈദ്യുതി ബോർഡിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും തെരുവ് വിളക്ക് രജിസ്റ്ററിൽ വാറന്റി ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കേണ്ടതുമാണ്.

**1-25 മുൻകൂർ തുക നല്കിയിട്ടും സിസിടിവി സ്ഥാപിച്ചിട്ടില്ല**

സിസിടിവി സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | അടങ്കൽ | ചെലവ് | വൗച്ചർ നം / ബിൽ നം |
|---|---|---|---|
| 14/25 – പഞ്ചായത്ത് ഓഫീസിൽ സിസിടിവി സ്ഥാപിക്കൽ | 100000 - CFC | 39998 | 548/19-3-25 |
| 298/25 - പൊതുസ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കൽ | 450000 – തനത് ഫണ്ട് | 179898 | 22401367/31-3-25 |
| 296/25 – MCF ൽ സിസിടിവി സ്ഥാപിക്കൽ | 100000- തനത് ഫണ്ട് | 39978 | 22401366/31.3.25 |

ഗ്രാമപഞ്ചായത്ത് എം.സി.എഫ് കേന്ദ്രം, ഗ്രാമപഞ്ചായത്ത് കാര്യാലയം പരിസരം, തലക്കശ്ശേരി സി.പി ഓഡിറ്റോറിയത്തിന് മുൻവശം (ANPR), തൃത്താല കുമ്പിടി റോഡ് എന്നിവിടങ്ങളിൽ കെൽട്രോൺ മുഖേന സിസിടിവി സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

കെൽട്രോൺ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. കെൽട്രോണുമായി 19.3.25 ന് നമ്പർ രേഖപ്പെടുത്താതെ കരാർ വെച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ 6 പ്രകാരം മുൻകൂർ തുക നൽകി 60 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. കൂടാതെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകണമെന്നും വ്യവസ്ഥയുണ്ട്.

എഗ്രിമെന്റിനു ശേഷം 40% തുകയും പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം 60 % തുകയും നൽകുന്നതിനാണ് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കെൽട്രോണിന്റെ 18.3.25 ലെ ഇൻവോയ്സ് പ്രകാരം ആകെ തുക 649687 രൂപയാണ്.

സിസിടിവിക്ക് തുക നൽകിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| സിസിടിവിയുടെ തരം | തുക | മുൻകൂർ നൽകിയ തുക |
|---|---|---|
| Outdoor Camera Surveillance System At MCF Cenre | 99946 | 39978 |
| Outdoor Camera Surveillance System At Panchayat Office | 99996 | 39998 |
| Outdoor Surveillance Camera System At Randal Thrithala Kumbidi Road | 171053 | 179898 |
| Outdoor Surveillance Camera System With ANPR Camera At Thalakkassery | 278692 | |
| | 649687 | 259874 |

ഓരോ ഇനത്തിനും 3 വർഷത്തെ Onsite Warranty Support, One Time KSEB Connection Charge, 3 വർഷത്തെ നെറ്റ് വർക്ക് കണക്ഷൻ ചാർജ്ജ് എന്നിവയും മേൽ തുകയിൽ ഉൾപ്പെടുന്നുണ്ട്.

സിസിടിവി സ്ഥാപിക്കൽ പ്രവൃത്തി എല്ലായിടങ്ങളിലും പൂർത്തിയായിട്ടുണ്ടോ എന്നും സിസിടിവി വിഷ്വൽസ് പരിശോധിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം എപ്രകാരമാണ് എന്നും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 15/19.10.25 ന് മറുപടി ലഭ്യമായില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. എഗ്രിമെന്റ് അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞിട്ടും സി സി ടി വി സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെൽട്രോൺ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സി സി ടി വി യും മോണിറ്ററിംഗ് സംവിധാനവും അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും എഗ്രിമെന്റ് ൽ വ്യവസ്ഥ ചെയ്തതു പ്രകാരമുള്ള പരിശീലനം ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ക്യാമറ വീഡിയോ വിവരങ്ങൾ എല്ലാ ദിവസങ്ങളിലും കൃത്യമായി നിരീക്ഷിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഉദ്യോഗസ്ഥർക്ക് വ്യക്തമായ ഓഫീസ് ഓർഡർ നൽകേണ്ടതാണ്.

3. ഓരോ ഇനത്തിനും 3 വർഷത്തെ Onsite Warranty Support, One Time KSEB Connection Charge, 3 വർഷത്തെ നെറ്റ് വർക്ക് കണക്ഷൻ ചാർജ്ജ് എന്നിവക്ക് തുക നൽകിയിട്ടുള്ളതിനാൽ

ഈ സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും വാറണ്ടി കാലയളവിൽ ഇതിൽ ആവർത്തനച്ചെലവ് ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ് .

4. പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം തള്ളുന്നത് കണ്ടെത്തിയാൽ ഉത്തരവാദികൾക്കെതിരെ പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പിഴ സംബന്ധിച്ച നിരക്ക് മാനദണ്ഡങ്ങൾ, ഈ വിഷയത്തിലുള്ള കേസ്, തർക്കങ്ങൾ എന്നിവയ്ക്ക് സ്വീകരിക്കേണ്ട നടപടികൾ എന്നിവ നിശ്ചയിച്ച് ഭരണസമിതി തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതും ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ആർട്ട്കോ മുഖേന നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

| ക്രമനം | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|
| 1 | ആലൂർ ബസ് സ്റ്റോപ് ഫർണിഷിംഗ് (363/25) | 200000 (CFC)<br>160000 (തനത് ഫണ്ട്) | 193952<br>+<br>160000 | 22401457/31.3.25-<br>&<br>22401373/31.3.25 |
| 2 | നവീകരിച്ച പഞ്ചായത്ത് ഹാൾ ഫർണീച്ചറും അനുബന്ധസൗകര്യങ്ങളും (369/25) | 141300 (വികസനഫണ്ട്-ജനറൽ)<br>908700 (തനത് ഫണ്ട്) | 141300<br>+<br>908700 | 22401319/28.3.25 |

സെക്രട്ടറി നിർവഹണം നടത്തിയ മേൽപറഞ്ഞ പദ്ധതികൾ ആർട്ട്കോ മുഖേനയാണ് നടത്തിയിട്ടുള്ളത്. പദ്ധതി നിർവഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു

1. സ.ഉ (എം.എസ് 133/2013/തസ്വഭവ തിയതി 30.3.13 പ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നിനുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥ പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ നിർവഹണചുമതല ഏൽപ്പിക്കുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയുന്ന പ്രവൃത്തിയല്ല എന്ന് ഉറപ്പുവരുത്തണം.

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടത്തുന്നതിനുള്ള മാർഗ്ഗരേഖ GO(P) No. 67/21/Fin തിയതി 28.04.21 പ്രകാരം, മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള എഞ്ചിനീയറിങ് വിങ് നിലവിലുള്ള സ്ഥാപനങ്ങൾ അപ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കേണ്ടതെന്നും അല്ലാത്ത പ്രത്യേക സാഹചര്യങ്ങളിൽ അക്രഡിറ്റഡ് ഏജൻസിയെ ഏല്പിക്കാവുന്നതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയറിങ് വിങ്ങ് നിലവിലുണ്ടായിട്ടും പ്രവൃത്തി നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തിയതിനുള്ള പ്രത്യേക സാഹചര്യം പ്രൊക്യുർമെന്റ് കമ്മിറ്റിയിലോ ഭരണസമിതിയിലോ ചർച്ച ചെയ്ത് തീരുമാനിച്ചതായി കാണുന്നില്ല.

2. മാർഗരേഖ പ്രകാരം 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തിയാണ് ടെണ്ടർ കൂടാതെ അക്രഡിറ്റഡ് ഏജൻസികളെ നേരിട്ട് ഏൽപ്പിക്കാവുന്നത്. നിലവിലും അക്രഡിറ്റഡ് ഏജൻസികൾ മുഖേന പരമാവധി 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ മാത്രമേ ടെണ്ടർ കൂടാതെ തദ്ദേശസ്ഥാപനങ്ങൾ നടപ്പാക്കാവൂ എന്ന് ഉത്തരവുണ്ട് (സ.ഉ (സാധാ) 1210/25/Lsgd/ 17-5-25)

എന്നാൽ ആർട്ട്കോയെ നേരിട്ട് ഏൽപ്പിച്ച ക്രമനം .2 പ്രകാരമുള്ള പദ്ധതിയുടെ അടങ്കൽ 1050000 രൂപയാണ്.

3. ആർട്ട്കോയ്ക്ക് Interior Furnishing Works As Non Pmc എന്ന വിഭാഗത്തിലാണ് അക്രഡിറ്റേഷനുള്ളത് (G.O(P)2/25/Fin/2-1-25). എന്നാൽ നവീകരിച്ച ഹാൾ ഫർണീച്ചറും അനുബന്ധസൗകര്യങ്ങളും എന്ന പദ്ധതിയുടെ ബിൽ പ്രകാരം 2.5 ലക്ഷത്തോളം രൂപ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, 1 ലക്ഷത്തോളം രൂപ A.C, Fan എന്നിവയ്ക്കുമാണ് നൽകിയിട്ടുള്ളത്. അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരല്ലാത്ത സ്ഥാപനം മുഖേന ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നിർവഹിച്ചത് ക്രമപ്രകാരമല്ല.

ആലൂർ ബസ് സ്റ്റോപ്പ് ഫർണിഷിംഗ് പദ്ധതിയിലെ പ്രധാന ഇനങ്ങൾ റൂഫ് വർക്ക് , ഫ്ലോർ ടൈലിംഗ് തുടങ്ങിയവയാണ്.

ഇവയൊന്നും ഇന്റീരിയർ ഫർണീഷിംഗ് എന്ന ഇനത്തിൽ ഉൾപ്പെടുന്നവയല്ല.
ആർട്ട് കോ എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഇല്ലാത്ത പ്രവൃത്തികളാണ് പ്രസ്തുത സ്ഥാപനം മുഖേന നിർവഹിച്ചത്.

അക്രഡിറ്റേഷൻ ഏതു തരം പ്രവൃത്തികൾക്കാണ് എന്ന് പരിശോധിച്ച് അത്തരം പ്രവൃത്തികൾക്ക് മാത്രമേ പ്രസ്തുത ഏജൻസികളെ തിരഞ്ഞെടുക്കാവൂ എന്നും ഇത് നിർവഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ഉത്തരവാദിത്തമാണ് എന്നും 13.3.22 ലെ -ഡിഎ)1/56/22- തസ്വഭവ നമ്പർ സർക്കലറിൽ വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ പ്രസ്തുത ഉത്തരവാദിത്വം നിർവഹിച്ചിട്ടില്ല

4..ജി.ഒ.(പി )67/21/Fin/28.4.21 , സർക്കുലർ നം - 50/2020/ധനം/7.9.20 എന്നിവ പ്രകാരം Non Governemnt Accredited Agency യെ പ്രവൃത്തി ഏൽപ്പിക്കുമ്പോൾ സൂപ്പർവിഷൻ, ജോയിന്റ് ചെക്ക് മെഷർമെന്റ് എന്നിവ തദേശ സ്ഥാപനം ചുമതലപ്പെടുത്തിയ സാങ്കേതിക വിദഗ്ദർ മുഖേന നിർവഹിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളിൽ ഇപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. നിശ്ചിത ഗുണനിലവാരപ്രകാരം പ്രവൃത്തി നടത്തിയോ എന്നത് നിർവഹണോ ദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി -14/19.10.25 ന് മറുപടി ലഭ്യമായില്ല.
അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ മാർഗനിർദേശങ്ങൾക്കനുസൃതമായി മാത്രം അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കേണ്ടതുമാണ്.

**<u>1-27 ടെൻണ്ടർ ഫീ - തനത് ഫണ്ടിൽ ഒടുക്കണം</u>**

അസി. എൻജിനിയർ ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള SBI ചാലിശ്ശേരി ശാഖയിലെ 37345476315 നമ്പർ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം ഇ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച 312673.00 രൂപ 18.10.25 ന്

നീക്കിയിരുപ്പുണ്ട്. ഈ തുക സമയബന്ധിതമായി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല.ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലൊടുക്കി വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം 20/21.10.25)

## 1-28 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണവകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 2022-23 (2021-22 വർഷത്തെ ഗ്രാന്റ്) വർഷം മുതലാണ് ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചു തുടങ്ങിയത്. പഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗവും ആയതിന്റെ ഫലപ്രാപ്തിയും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. സ്കീം 1, സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് മുഖേന നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ഒരു ആയുർവേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് നിലവിലുള്ളത്. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഓഡിറ്റ് വർഷം വരെ ലഭ്യമായ തുകയുടെ വിനിയോഗവിവരം താഴെ ചേർക്കുന്നു.

**സ്കീം 1 -ഗ്രാമപ്രദേശങ്ങളിലെ കെട്ടിടമില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് - ലഭ്യമായ ഫണ്ട്.**

ഇല്ല

**സ്കീം 3 -ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ലഭ്യമായ ഫണ്ട്.**

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക (പലിശ ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2022-23 | 0 | 317169 | 317169 | 161813 | 155356 |
| 2023-24 | 155356 | 1076588 | 1231944 | 182157 | 1049787 |
| 2024-25 | 1049787 | 472086 | 1521873 | 700846 | 821027 |

**സ്കീം 4 -ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - ലഭ്യമായ ഫണ്ട്**

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തുക(പലിശ ഉൾപ്പെടെ) | | | |
| 2022-23 | 0 | 197829 | 197829 | 0 | 197829 |
| 2023-24 | 197829 | 443541 | 641370 | 382226 | 259144 |
| 2024-25 | 259144 | 702260 | 961404 | 207904 | 753500 |

**2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| സ്കീം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| സ്കീം 3 | 224/23 ലാബ് റിയേജന്റ്സ് & കെമിക്കൽസ് വാങ്ങിയത് | 161813 |

**2023-24 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| സ്കീം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| സ്കീം 3 | 293/24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 182157 |
| സ്കീം 4 | 294/24 E.C & മെറ്റീരിയൽ വർക്ക്സ്, ലാബ് ടെസ്റ്റ് ചെയ്യാനുള്ള കിറ്റ്, ഹീമോഗ്ലോബിൻ ടെസ്റ്റ് ചെയ്യാനുള്ള കിറ്റ് എന്നിവ വാങ്ങിയത് | 382226 |

**2024-25 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| സ്കീം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| സ്കീം 3 | 291/25 E.C & മെറ്റീരിയൽ വർക്ക്സ്, ലാബ് ടെസ്റ്റ് ചെയ്യാനുള്ള കിറ്റ്, | 700846 |

| | | |
|---|---|---|
| | ഹീമോഗ്ലോബിൻ ടെസ്റ്റ് ചെയ്യാനുള്ള കിറ്റ് എന്നിവ വാങ്ങിയത് | |
| സ്കീം 4 | 292/25 ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ | 207904 |

<u>ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിന്റെ വിവരം</u>

ഹെൽത്ത് ഗ്രാന്റിലെ വിവിധ ഫണ്ടുകളുപയോഗിച്ച് റെഫ്രിജെറേറ്റർ, കട്ടിലുകൾ, എയർകണ്ടീഷണർ, ലാബ് ഉപകരണങ്ങൾ, ലാബ് റീ ഏജന്റ്സ് വാങ്ങൽ, രോഗനിർണ്ണയത്തിനായി ഉപകരണങ്ങൾ വാങ്ങൽ എന്നിവ വിവിധ പ്രൊജക്ടുകളിലൂടെ നടപ്പിലാക്കിയിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച തുകകൾ സമയബന്ധിതമായി ചെലവഴിച്ചിട്ടില്ലെന്ന് വിലയിരുത്തുന്നു.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- .ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- .ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് എന്നിവ ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനവും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ് .
- .കുടുംബാരോഗ്യകേന്ദ്രത്തോടൊപ്പം ആരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും വെൽനെസ്സ് പ്രവർത്തനങ്ങൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്നതാണ്.

## <u>1-29 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം</u>

രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും 2024 പൂർത്തിയാകുമ്പോൾ കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്നാണ്. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്. ജന പങ്കാളിത്തത്തോടെ സമഗ്രവും ശാസ്ത്രീയവുമായ പ്രാദേശിക പദ്ധതികളിലൂടെ ഗ്രാമത്തിലെ എല്ലാ വീടുകളിലേക്കും എപ്പോഴും ശുദ്ധമായ കുടിവെള്ളം പ്രവർത്തന ക്ഷമമായ ടാപ്പിലൂടെ നൽകുക എന്നതു മാത്രമല്ല ഓരോ വീടിനും നിർദിഷ്ഠമായ ഗുണമേന്മയോടുകൂടി ദീർഘകാലത്തേക്ക് മുടങ്ങാതെ നൽകുക എന്നതാണ് ജലജീവൻ മിഷന്റെ ലക്ഷ്യം .

ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തിയ പ്രവർത്തനങ്ങളെയും സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു. ജലജീവൻ മിഷൻ പ്രവർത്തന പുരോഗതി വിവരം

അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/9.10.2025) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കി യിട്ടുള്ളത്.

**നിർവഹണ ഏജൻസി**

രാജീവ് യൂത്ത് ഫൗണ്ടേഷൻ മലപ്പുറം എന്ന സ്ഥാപനമാണ് പദ്ധതിയുടെ Implementation Support Agency . 27.6.24 ന് 13/2024 നമ്പരായി ത്രികക്ഷി കരാർ ചമച്ചിട്ടുമുണ്ട്. 12 മാസമാണ് കാലവധി.

**കുടിവെള്ളപദ്ധതിയുടെ വ്യാപ്തി**

ഗ്രാമപഞ്ചായത്തിൽ ആകെ 10098 വീടുകളാണുള്ളത്. ഇതിൽ 430 വീടുകൾക്ക് കിണറോ ടാപ്പ് കണക്ഷനോ ഇല്ലാത്തവയാണ്.

കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ 18 വാർഡുകളിലായി ആകെ 5921 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ട്.

**പദ്ധതിയുടെ പ്രവർത്തനക്ഷമത**

